പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 4068

16.12.2014- ൽ മറുപടിക്ക്

**സഹകരണ ബാങ്ക് /സംഘങ്ങളുടെ ചെറുകിട വായ്പകൾക്കുള്ള നടപടികൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബെന്നി ബെഹനാൻ :<br>ശ്രീ. ജോസഫ് വാഴയ്ക്കൻ :<br>ശ്രീ. വി.ഡി. സതീശൻ :<br>ശ്രീ. കെ. മുരളീധരൻ : | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി) |
| (എ) സഹകരണ ബാങ്ക്/സംഘങ്ങൾ മുഖേനയുള്ള ചെറുകിട വായ്പകൾ, അപേക്ഷിച്ചാലുടൻ തന്നെ ലഭിക്കുവാൻ എന്തെല്ലാം നടപടികളാണ് ഒരുക്കിയിട്ടുള്ളത്; വിശദമാക്കുമോ; | (എ) സംസ്ഥാനത്തെ കർഷകത്തൊഴിലാളികൾ, ദിവസക്കൂലിക്കാരായ തൊഴിലാളികൾ, സാമ്പത്തിക ശേഷിയില്ലാത്ത വിധവകൾ, വികലാംഗർ തുടങ്ങി അടിസ്ഥാന വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് 10,000/- രൂപ വരെയുള്ള വായ്പകളും ചെറുകിട കച്ചവടാവശ്യത്തിനും തലച്ചുമടായി കച്ചവടം ചെയ്യുന്നവർക്കും 5,000/- രൂപ വരെയുള്ളതുമായ ചെറുകിട വായ്പകൾ സ്വന്തം ജാമ്യത്തിൽ നൽകുന്ന പദ്ധതി നിലവിലുണ്ട്. 5,000/- രൂപ വരെയുള്ള വായ്പകൾ പരമാവധി 2 ദിവസത്തിനകവും, 10,000/- രൂപ വരെയുള്ള വായ്പകൾ പരമാവധി 5 ദിവസത്തിനകവും അനുവദിക്കുന്ന പദ്ധതി നിലവിലുണ്ട്. |
| (ബി) ഏതെല്ലാം തരം സഹകരണ ബാങ്ക്/ സംഘങ്ങൾ വഴിയാണ് ഇത് നടപ്പിലാക്കാനുദ്ദേശിക്കുന്നത് വിശദാംശങ്ങൾ എന്തെല്ലാം? | (ബി) സംസ്ഥാനത്തെ എല്ലാ പ്രാഥമിക വായ്പാ സംഘങ്ങളും/ബാങ്കുകളും, ജില്ലാ സഹകരണ ബാങ്കുകളും സംസ്ഥാന സഹകരണ ബാങ്കും ഈ പദ്ധതി നടപ്പിലാക്കുന്നതിൽ പങ്കാളികളാണ്. |

സെക്ഷൻ ഓഫീസർ